# മാർത്തോമ്മാ സുവിശേഷ സേവികാ സംഘം
## മഞ്ഞാടി പി.ഒ., തിരുവല്ല

പ്രിയ അച്ചൻ/സഹോദരി,

കർത്താവിന്റെ അളവറ്റ കൃപയാൽ എല്ലാവരും സുഖമായിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. കോവിഡ്- 19 മഹാമാരിയുടെ പരിമിതികളിൽ മാർത്തോമ്മാ സുവിശേഷ സേവികാ സംഘം പ്രവർത്തനത്തിൽ ഒരു വർഷം പിന്നിട്ടു. മനുഷ്യന്റെ ഭാവനയിൽ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത സംഭവങ്ങളും ഒറ്റപ്പെടലുകളും മാനസികസംഘർഷങ്ങളും സാമ്പത്തിക ആരോഗ്യ പ്രതിസന്ധികളും എല്ലാം അഭിമുഖീകരിക്കുവാനും അതിരുകളില്ലാതെ മാനവരാശി മുഴുവൻ പരീക്ഷിക്കപ്പെട്ട ഒരു കാലഘട്ടം. 2020-2021ൽ സേവികാ സംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന എല്ലാവിധ മീറ്റിംഗുകളും വെർച്ചൽ പ്ലാറ്റ്ഫോമിലൂടെ ക്രമീകരിക്കുവാൻ ദൈവം കൃപ ചെയ്തു. കോവിഡ് 19 മഹാമാരിയിൽ നിന്നും പരിപൂർണ്ണമായ വിടുതൽ ലഭിക്കുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം.

സെപ്റ്റംബർ മാസം സേവികാസംഘത്തെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നു. അഭിവന്ദ്യ ഡോ.യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ കല്പനയോടെ സഭയായി 1960 മുതൽ സെപ്റ്റംബർ രണ്ടാം ഞായറാഴ്ച സേവികാസംഘദിനമായി ആചരിക്കുന്നു.

ഈ വർഷത്തെ സേവികാസംഘദിനം സെപ്റ്റംബർ 12-ാം തീയതി ഞായറാഴ്ചയും സംഘവാരം സെപ്റ്റംബർ 6-12 വരെയും ആകുന്നു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി സംഘദിനത്തിലേക്ക് ഉപയോഗിക്കുന്നതിന് അംഗീകരിച്ചതായ ആരാധനക്രമം (മലയാളം, ഇംഗ്ലീഷ്), പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന കാർഡ് എന്നിവ എല്ലാ ശാഖകൾക്കും ലഭിക്കത്തക്കവിധം അച്ചൻമാരുടെ ഇ-മെയിൽ, വാട്സ്ആപ്പ്, വെബ്സൈറ്റ് എന്നിവയിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശാഖാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവികാസംഘ പ്രവർത്തനങ്ങൾ, സംഘവാര പരിപാടികൾ തുടങ്ങിയവ സംഘാംഗങ്ങളെ മനസ്സിലാക്കുന്നതിനുമായി അതതു ഭദ്രാസന തലങ്ങളിൽ വെർച്ചൽ പ്ലാറ്റ്ഫോമിലൂടെ മീറ്റിംഗുകൾ ക്രമീകരിക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണമേ.

വനിതാബോധിനി മാസമായി സെപ്റ്റംബർ മാസം ആചരിക്കുന്നു. എല്ലാ ഭവനങ്ങളിലും ഒരു വനിതാ ബോധിനി എന്നതാണ് ലക്ഷ്യം.

ഭവന സന്ദർശനം സംഘവാരത്തിൽ പ്രയാസമാണെന്ന് മനസ്സിലാക്കുന്നു. ആയിരിക്കുന്ന ഇടങ്ങളിൽ സാധിക്കുന്ന രീതിയിൽ സൗജന്യദാനം പിരിക്കുകയും സംഘത്തിന്റെ സുഗമമായ നടത്തിപ്പിന് ശേഖരിക്കുന്ന തുക സംഘം ഓഫീസിൽ അയയ്ക്കുന്നതിനും ശ്രദ്ധിക്കണമേ. സേവികാസംഘദിനത്തിൽ ലഭിക്കുന്ന സ്തോത്രകാഴ്ച അതതു ഭദ്രാസന സേവികാസംഘത്തിന് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ സംഘദിനവിഷയം : 'സ്ത്രീകൾ ദൈവിക രക്ഷാ പദ്ധതിയിലെ പങ്കാളികൾ' എന്നതാണ്. യേശു സ്ത്രീകളുടെ ശുശ്രൂഷകളെ മാനിച്ചിരുന്നതായും തന്റെ പരസ്യ ശുശ്രൂഷകളിൽ അവർക്ക് അർഹമായ സ്ഥാനം നൽകിയിരുന്നു എന്നുള്ളതും തന്റെ ദൗത്യനിർവ്വഹണ വഴികളിൽ സ്ത്രീകൾക്ക് നൽകിയ പരിഗണനയും വ്യക്തമായി തിരുവചനം പ്രസ്താവിക്കുന്നു.

കോവിഡ്-19 കാരണത്താൽ മാറ്റി വെയ്ക്കപ്പെട്ട 2019-2020 ലെ വാർഷിക യോഗവും, 2020-2023 ലേക്കുള്ള തെരഞ്ഞെടുപ്പും സബന്ധിച്ചുള്ള അറിയിപ്പ് ഇതിനോടകം ലഭിച്ചുകാണുമല്ലോ. വാർഷിക യോഗം ഒക്ടോബർ 6-ാം തീയതിയും തെരഞ്ഞെടുപ്പ് സെപ്റ്റംബർ 29-ാം തീയതിയും നടത്തപ്പെടുന്നതാണ്. കോവിഡ് മാനദണ്ഡം പാലിച്ച് പ്രതിനിധികൾ പ്രാർത്ഥനാപൂർവ്വം സഹകരിക്കണമേ.

ഏതു പ്രതിസന്ധിയിലും പുതിയ ദർശനത്തോടെ ദൈവകൃപയിൽ ആശ്രയിച്ച് സ്ത്രീകൾ - ദൈവിക രക്ഷാപദ്ധതിയിലെ പങ്കാളികളായി മുന്നേറുന്നതിന് നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

എന്ന്

സ്നേഹത്തോടെ,

തിരുവല്ല

24-08-2021

**മിനി ജോയ്സ് തോമസ്**

ജനറൽ സെക്രട്ടറി